# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3024 23.03.2015-ലെ മറുപടിയ്ക്ക്

**<u>ബ്ലോക്ക് പഞ്ചായത്ത് / ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസുകളിൽ ക്ലറിക്കൽ തസ്തിക</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ.കെ.സി.ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി |
| (എ) അക്കൗണ്ടന്റ് തസ്തിക അനുവദിക്കുന്നതുവരെ ബ്ലോക്ക് പഞ്ചായത്ത്/ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസുകളിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ എത്ര ക്ലറിക്കൽ തസ്തികകളാണ് ഉണ്ടായിരുന്നത് ; അവ ഏതെല്ലാം ; | (എ) 4 ക്ലറിക്കൽ തസ്തികകൾ ; ക്ലർക്കും, സീനിയർ ക്ലർക്കും. |
| (ബി) സീനിയർ ക്ലർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്തുകൊണ്ടാണോ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചത് ; ഇതുമൂലം എൽ.ഡി.സി., യു.ഡി.സി. തസ്തികകളിൽ കുറവു വന്നിട്ടുണ്ടോ ; | (ബി) സീനിയർ ക്ലർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്തുകൊണ്ടാണ് അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചത് ; ഇതുമൂലം എൽ.ഡി.സി./യു.ഡി.സി. കേഡറിൽ ഓരോ ബ്ലോക്ക് പഞ്ചായത്തിലും ഒരു തസ്തിക വീതം കുറവു വന്നിട്ടുണ്ട്. |
| (സി) ബ്ലോക്ക് പഞ്ചായത്ത് / ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസുകളിൽ ഏതെല്ലാം ജോലികളാണ് നിക്ഷിപ്തമാക്കിയിരിക്കുന്നത് എന്ന് വിശദമാക്കുമോ ; | (സി) ബ്ലോക്കോഫീസിന്റെ ഭരണപരമായ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനു പുറമെ പദ്ധതി പ്രവർത്തനങ്ങളും വിവിധ സ്കീമുകളും ബ്ലോക്ക് പഞ്ചായത്ത്/ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിൽ ചെയ്തുവരുന്നു.<br>കേന്ദ്രാവിഷ്കൃത പദ്ധതികളായ ഐ.എ.വൈ., ഐ.ഡബ്ല്യു.എം.പി., എം.ജി.എൻ.ആർ.ഇ.ജി.എസ്., എം.കെ.എസ്.പി., പി.എം.ജി. എസ്.വൈ., സാനിട്ടേഷൻ, സാഗി, എം.പി.ഫണ്ട്, ബി.ആർ.ജി.എസ്. എന്നിവയും സംസ്ഥാനാവിഷ്കൃത പദ്ധതികളായ വെള്ളപ്പൊക്ക/വരൾച്ച ദുരിതാശ്വാസ പദ്ധതി, എം.എൽ.എ. ഫണ്ട്, നാഷണൽ സേവിംഗ്സ് സ്കീം ഉടങ്ങിയവയുടെ നിർവ്വഹണവും ബ്ലോക്ക് തലത്തിലാണ്. കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ (സി & എജി) ആഡിറ്റ്, അക്കൗണ്ടന്റ് ജനറൽ (എജി) ആഡിറ്റ്, ലോക്കൽ |

| | | | |
|---|---|---|---|
| | | | ഫണ്ട് ആഡിറ്റ്, പെർഫോർമൻസ് ആഡിറ്റ്, ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ്, വകുപ്പുതല ഇന്റേണൽ ആഡിറ്റ് തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങളും നിർവ്വഹിക്കണം. ബ്ലോക്ക് പഞ്ചായത്തിന്റെയും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെയും ഭരണപരമായ കർത്തവ്യങ്ങളുടെ സംശയ നിവാരണം, ഗ്രാമ/ ബ്ലോക്ക്/ജില്ല പദ്ധതികളുടെ കോ-ഓർഡിനേഷൻ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ എന്ന നിലയിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്.-ന്റെ ബ്ലോക്കുതല നിർവ്വഹണവും, നിരീക്ഷണവും. ബ്ലോക്ക് പഞ്ചായത്തിന്റെ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ, ബ്ലോക്കുതല ഇലക്ഷൻ നിർവ്വഹണത്തിന്റെ ചുമതല എന്നിവയും ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറിൽ നിക്ഷിപ്തമാണ്. ഇതോടൊപ്പം നിയമസഭാ തെരഞ്ഞെടുപ്പിൽ സർക്കാർ നിർദ്ദേശ പ്രകാരം അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറുടെ ചുമതലയും നിർവ്വഹിച്ചു വരുന്നു. |
| (ഡി) | ക്ലറിക്കൽ തസ്തികയിൽ വന്ന കുറവുമൂലം മറ്റ് ജീവനക്കാർക്ക് ജോലിഭാരം കൂടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ഇല്ല ; |
| (ഇ) | സീനിയർ ക്ലർക്ക് തസ്തിക പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ